# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ)

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5177 — 15-11-2019-ൽ മറുപടിയ്ക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.യു.ആർ.പ്രദീപ്<br>ശ്രീ.കെ.ബാബു<br>ശ്രീ.സി.കെ.ശശീന്ദ്രൻ | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) | |
| (എ) | പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) യ്ക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് 2011-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ലിസ്റ്റിൽ നിന്നുമുള്ള അർഹരായ ഗുണഭോക്താക്കളെയാണ്. അർഹരായ ഗുണഭോക്താക്കളുടെ മാനദണ്ഡ പട്ടിക ചുവടെ ചേർക്കുന്നു.<br>1.താഴെപ്പറയുന്ന മാനദണ്ഡങ്ങളിൽപ്പറയുന്നവർ ഒഴിവാക്കൽ പ്രക്രിയയിൽ ഉൾക്കൊള്ളുന്നു.<br>a) യന്ത്രവൽകൃത രണ്ടുചക്ര/മൂന്നു ചക്ര/നാലു ചക്ര വാഹനമോ, യന്ത്രവൽകൃത മീൻപിടുത്ത യാനങ്ങളോ ഉള്ളവർ<br>b) യന്ത്രവൽകൃത മൂന്നു ചക്ര/നാലു ചക്ര,കാർഷിക ഉപകരണങ്ങൾ ഉള്ളവർ<br>c) 50,000/- രൂപയോ അതിൽ കൂടുതലോ വായ്പാ പരിധിയുള്ള കിസാൻ ക്രെഡിറ്റ് കാർഡ് ഉള്ളവർ.<br>d) സർക്കാർ ജീവനക്കാർ ഉള്ള കുടുംബം<br>e) സർക്കാർ കാർഷികേതര സംരഭങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ള കുടുംബങ്ങൾ<br>f) പ്രതിമാസം 10,000/- രൂപയിൽ കൂടുതൽ നേടുന്ന ഏതെങ്കിലും അംഗങ്ങൾ ഉള്ള കുടുംബങ്ങൾ<br>g) വരുമാന നികുതി നൽകുന്നവർ ഉള്ള കുടുംബം<br>h) തൊഴിൽ നികുതി നൽകുന്നവർ ഉള്ള കുടുംബം<br>i) റെഫ്രിജറേറ്റർ ഉള്ള കുടുംബം<br>j) ലാന്റ് ലെയിൻ ഫോൺ ഉള്ള കുടുംബം<br>k) സ്വന്തമായി ഏതെങ്കിലും ജലസേചന ഉപകരണമുള്ള രണ്ടര ഏക്കറോ അതിൽ കൂടുതലോ ജലസേചന സൗകര്യം ഉള്ള ഭൂമിയുള്ള കുടുംബം<br>l) രണ്ടോ അതിലധികമോ കാലഘട്ടത്തിൽ വിളവെടുക്കുന്ന അഞ്ചോ അതിലധികമോ |

| | | | |
|---|---|---|---|
| | | | ഏക്കർ ജലസേചന സൗകര്യമുള്ള ഭൂമിയുള്ള കുടുംബം<br>m)ഏഴര ഏക്കറോ അതിലധികമോ ഭൂമിയുള്ളതോ ഏതെങ്കിലും ജലസേചന സൗകര്യമുള്ളതോ ആയ കുടുംബം<br>2.താഴെപ്പറയുന്ന മാനദണ്ഡങ്ങളിൽ പറയുന്നവർ സ്വയമേയുള്ള ഉൾക്കൊള്ളിക്കൽ പ്രക്രിയയിൽ ഉൾപ്പെടുന്നു.<br>a) ഭവനരഹിതർ<br>b) അഗതികൾ/യാചകർ<br>c) തോട്ടപ്പണി ചെയ്യുന്നവർ<br>d) ആദിമ ഗോത്രവർഗ്ഗങ്ങൾ<br>e) വിമോചിതരായ അടിമപ്പണിക്കാർ |
| (ബി) | പി.എം.എ.വൈ. പ്രകാരമുള്ള ഗുണഭോക്താക്കളുടെ എണ്ണത്തിൽ സംസ്ഥാനത്ത് ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (ബി) | പി.എം.എ.വൈ. പ്രകാരമുള്ള ഗുണഭോക്താക്കളുടെ എണ്ണത്തിൽ സംസ്ഥാനത്ത് ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. കേന്ദ്രസർക്കാർ നിശ്ചയിച്ച ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ചില വ്യവസ്ഥകൾ കേരളത്തിനെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. |
| (സി) | പദ്ധതി പ്രകാരം ഓരോ ഗുണഭോക്താക്കൾക്കും ലഭിക്കുന്ന തുക എത്രയെന്ന് വ്യക്തമാക്കാമോ; | (സി) | പി.എം.എ.വൈ. പദ്ധതി പ്രകരാം ഓരോ ഗുണഭോക്താവിനും ലഭിക്കുന്ന യൂണിറ്റ് കോസ്റ്റായ 1,20,000/-രൂപ 60:40 എന്ന അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ധനസഹായം നൽകുന്നു. കേരളത്തിൽ പി.എം.എ.വൈ. പദ്ധതിയിൽ പൊതുവിഭാഗം, പട്ടികജാതി വിഭാഗം ഇവർക്ക് 4,00,000/-രൂപയും സങ്കേതങ്ങളിൽ കഴിയുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 6,00,000/-രൂപയും നൽകുന്നു. 1,20,000/-രൂപ കഴിഞ്ഞുള്ള തുക ത്രിതല പഞ്ചായത്തുകളും, പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പും നൽകുന്നു. |
| (ഡി) | ഓരോ വീടിനുമുള്ള ധനസഹായത്തിന് പുറമേ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം അവിദഗ്ദ്ധ തൊഴിലും ഗുണഭോക്താക്കൾക്ക് നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകമോ? | (ഡി) | പി.എം.എ.വൈ (ജി) പദ്ധതി ഗുണഭോക്താക്കൾക്ക് ഓരോ വീടിനുമുള്ള ധനസഹായത്തിന് പുറമേ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 90 ദിവസത്തെ അവിദഗ്ദ്ധ തൊഴിൽ നൽകുന്നുണ്ട്. കേരളത്തിൽ 719624 മനുഷ്യാദ്ധ്വാന ദിനങ്ങൾക്കായി 18805.64 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.